പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2194 — 13.06.2019 ൽ മറുപടിയ്ക്ക്

ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കാനുള്ള സംവിധാനം

ചോദ്യം
ശ്രീ.സി. ദിവാകരൻ

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| റേഷൻ വിതരണത്തിന് ഗോഡൗണുകളിൽ എത്തിക്കുന്ന ഭക്ഷ്യധാന്യങ്ങൾ കേടുകൂടാതെ സൂക്ഷിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | FCI/ CMR മില്ലുകളിൽ നിന്ന് ആവശ്യമായ ഗുണനിലവാര പരിശോധനയ്ക്ക് ശേഷം വിട്ടെടുക്കുന്ന ഭക്ഷ്യധാന്യങ്ങൾ സപ്ലൈകോ ഗോഡൗണുകളിൽ സംഭരിക്കുകയും സ്റ്റോക്കിന്റെ ഗുണനിലവാരം സപ്ലൈകോയുടെ ക്വാളിറ്റി അഷ്വറൻസ് ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. സ്റ്റോക്കിൽ കീടബാധ ഉണ്ടാകാതിരിക്കുന്നതിന് സ്പ്രേയിംഗ്, ഫ്യൂമിഗേഷൻ മുതലായവ യഥാസമയം നടത്തുകയും എലിശല്യം ഒഴിവാക്കുന്നതിന് നിശ്ചിത മാനദണ്ഡ പ്രകാരം എലിവിഷം ഉപയോഗിക്കുകയും ചെയ്യുന്നു. First in First out തത്വം പാലിച്ച് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനാൽ കേടാകാനുള്ള സാധ്യത തുലോം കുറവാണ്. |

സെക്ഷൻ ഓഫീസർ